**No. CEE/4848/2013/KEAM-2014/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## 2014–ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ പ്രവേശനം

## അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2014–ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും എതാനും സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലും ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട് മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട ട്യൂഷൻ ഫീസ്/അധിക തുക എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2014 ആഗസ്റ്റ് 7 മുതൽ 9 വരെ** തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തിരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം അതത് കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻപുള്ള അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2014 ആഗസ്റ്റ് 7** മുതൽ **9** വരെ തീയതികളിൽ തിരഞ്ഞെടുക്കപ്പെട്ട **SBT** ബ്രാഞ്ചിൽ അടച്ച ശേഷം അതത് കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ അധിക തുക ഒടുക്കാതിരിക്കുകയോ കോളേജുകളിൽ പ്രവേശനം നേടാതിരിക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ അലോട്ട്മെന്റും നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ പിന്നീടുള്ള ഓൺലൈൻ അലോട്ട്മെന്റ് പ്രക്രിയയിൽ നിലവിലെ കോഴ്സുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പരിഗണിക്കുന്നതല്ല.

പ്രസ്തുത അലോട്ട്മെന്റ് പുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ ഈ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചാൽ വിദ്യാർത്ഥികൾ അതത് കോളേജുകളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

എല്ലാ കോളേജ് അധികാരികളും **09.08.2014 വൈകുന്നേരം 5.30** മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

| | |
|---|---|
| **ഫീസ്/അധിക തുക അടയ്ക്കേണ്ട തീയതികൾ** | **07.08.2014, 08.08.2014 & 09.08.2014** |
| **കോളേജിൽ പ്രവേശനം നേടേണ്ട തീയതികൾ** | **07.08.2014, 08.08.2014 & 09.08.2014** |
| **നോൺ–ജോയിൻ റിപ്പോർട്ട് സമർപ്പിക്കേണ്ട തീയതി** | **09.08.2014 വൈകുന്നേരം 5.30 ന് മുൻപ്** |

09.08.2014 ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം ഏതെങ്കിലും സീറ്റുകൾ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിവുള്ള പക്ഷം അവ കോളേജ് അധികാരികൾ 15.08.2014–നോ അതിനു മുൻപായോ സ്പോട്ട് അഡ്മിഷൻ വഴി നികത്തുന്നതാണ്.

***കുറിപ്പ്:*** *പ്രസ്തുത അലോട്ട്മെന്റിനു ശേഷം* പുതായി ഉൾപ്പെടുത്തിയ *സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ്/ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കപ്പെടുന്നതാണ്.*

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471 2339101, 2339102, 2339103, 2339104 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
06.08.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**